<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 836</u> <u>06-02-2023 - ൽ മറുപടിയ്ക്ക്</u>

<u>പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഉന്നത വിദ്യാഭ്യാസ ധനസഹായം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടിക ജാതിയിലും പട്ടിക ഗോത്രവർഗ്ഗങ്ങളിലും ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിനായി ധനസഹായം നൽകി വരുന്ന പദ്ധതികളും ഓരോ പദ്ധതിയിലും അനുവദിക്കുന്ന തുകയും വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനായി ധനസഹായം നൽകി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**<u>1)പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്</u>**<br><br>സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന Compulsory Non-Refundable fees അക്കാഡമിക് അലവൻസ് ഇനത്തിൽ ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 8500/-രൂപയും പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന ഹോസ്റ്റലേഴ്സ് ആയ വിദ്യാർത്ഥികൾക്ക് പ്രതിമാസം 4500/-രൂപയും മറ്റ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഹോസ്റ്റലേഴ്സ് ആയ വിദ്യാർത്ഥികൾക്ക് പ്രതിമാസം 3500/-രൂപയും ABLC ആയി അനുവദിക്കുന്നു.<br><br>**<u>2) ഓവർസീസ് സ്കോളർഷിപ്പ്</u>**<br><br>വിദേശപഠനത്തിനായി പരമാവധി 25,00,000/-രൂപ<br><br>**<u>3) കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസിനുള്ള പഠനം</u>**<br><br>രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷനിൽ പഠിക്കുന്ന 3 പട്ടികജാതി വിദ്യാർത്ഥികൾക്കും 2 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും 1 മറ്റർഹ വിദ്യാർത്ഥിക്കും ഫീസ് സ്ട്രക്ചർ പ്രകാരമുള്ള ഫീസ്<br><br>**<u>4) ലാപ്ടോപ് പദ്ധതി</u>** - പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്നു.<br><br>**<u>5) മെഡിക്കൽ/എഞ്ചിനിയറിംഗ് പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കായുള്ള</u>** |

| | | | |
|---|---|---|---|
| | | | **<u>ധനസഹായം</u>**<br><br>മെഡിക്കൽ/എഞ്ചിനിയറിംഗ് പ്രവേശനം ലഭിച്ച പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കായി 10000/-രൂപ, 5000/-രൂപ വീതം നൽകുന്നു.<br><br>**<u>6) എൻട്രൻസ് പരിശീലനത്തിനുള്ള ധനസഹായം</u>**<br><br>പട്ടികജാതി വിദ്യാർത്ഥികൾക്ക് ഹയർസെക്കന്ററിയോടൊപ്പം പരിശീലനത്തിന് 20,000/-രൂപ ഹയർസെക്കന്ററി പഠനത്തിനുശേഷം പരിശീലനത്തിന് 54000/-രൂപ. പട്ടികവർഗ വിദ്യാർത്ഥികൾക്ക് NEET/JEE പ്രവേശന പരീക്ഷകൾക്ക് ഉന്നത നിലവാരമുള്ള സ്ഥാപനങ്ങളിൽ പരിശീലനം നൽകി വരുന്നു.<br><br>**<u>7) ബുക്ക് ബാങ്ക് പദ്ധതി</u>**<br><br>പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് റഫറൻസ് പുസ്തകങ്ങൾ വാങ്ങുന്നതിന് 2400 മുതൽ 7500/-രൂപ വരെയും സൂക്ഷിക്കുന്നതിന് അലമാര വാങ്ങുന്നതിന് 4000രൂപയും നൽകുന്നു.<br><br>**<u>8) സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം</u>**<br><br>വിശദ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള തുക വർദ്ധിപ്പിക്കുന്നത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | ഇതിൽ കേന്ദ്ര സർക്കാർ സഹായത്തോടെ നടത്തുന്ന പദ്ധതികളും, സംസ്ഥാന സർക്കാരിന്റെ പദ്ധതികളും, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടത്തുന്ന പദ്ധതികളുമുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി ഒഴികെയുള്ള പദ്ധതികളെല്ലാം സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളാണ്. തുക പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുന്നു. വരുമാനം 2.5 ലക്ഷം രൂപക്ക് താഴെയുള്ള വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാറുകൾ സംയുക്തമായി നടപ്പിലാക്കുന്നു. പട്ടികജാതി വിദ്യാർത്ഥികൾക്ക് 40% വിഹിതം സംസ്ഥാന സർക്കാരും, 60% വിഹിതം കേന്ദ്ര സർക്കാരും നൽകുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 25% വിഹിതം സംസ്ഥാന സർക്കാരും, 75% വിഹിതം കേന്ദ്ര സർക്കാരും തുക നൽകുന്നു.<br><br>2.5ലക്ഷം രൂപക്ക് മുകളിൽ വരുമാനപരിധിയുള്ള വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നൽകാത്ത സാഹചര്യത്തിൽ വരുമാനപരിധി ബാധകമാക്കാതെ പ്രസ്തുത |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ പ്രത്യേകമായി ബജറ്റിൽ തുക വകയിരുത്തി സംസ്ഥാന വിഹിതമായി സ്കോളർഷിപ്പ് അനുവദിക്കുന്നു. |
| (സി) | നിലവിൽ എത്ര വിദ്യാർത്ഥികൾക്ക് ധനസഹായം നൽകി വരുന്നുണ്ടെന്നും ഓരോ പദ്ധതിയിലും ധനസഹായം അനുവദിക്കുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; | (സി) | സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന Compulsory Non-Refundable fees അക്കാഡമിക് അലവൻസ് ഇനത്തിൽ ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 8500/-രൂപയും പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന ഹോസ്റ്റലേഴ്സ് ആയ വിദ്യാർത്ഥികൾക്ക് പ്രതിമാസം 4500/-രൂപയും മറ്റ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഹോസ്റ്റലേഴ്സ് ആയ വിദ്യാർത്ഥികൾക്ക് പ്രതിമാസം 3500/-രൂപയും ABLC ആയി അനുവദിക്കുന്നു. സംസ്ഥാന സർക്കാർ നൽകുന്ന സ്റ്റേറ്റ് അക്കാഡമിക് അലവൻസുകൾ 9/1/2020ലെ സ.ഉ. (അച്ചടി) നം.1/2020/പജപവവിവ പ്രകാരം അനുവദിച്ച് വരുന്നു. നിലവിൽ 15861 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും 1,84,300 പട്ടികജാതി വിദ്യാർത്ഥികൾക്കുമാണ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനുവദിച്ച് വരുന്നത്.<br><br>സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള കേന്ദ്രഗവൺമെന്റ് 2.5ലക്ഷം രൂപ വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ട്. 2.5ലക്ഷം രൂപക്ക് മുകളിൽ വരുമാനപരിധിയുള്ള വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നൽകാത്ത സാഹചര്യത്തിൽ വരുമാനപരിധി ബാധകമാക്കാതെ പ്രസ്തുത വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ പ്രത്യേകമായി ബജറ്റിൽ തുക വകയിരുത്തി സംസ്ഥാന വിഹിതമായി സ്കോളർഷിപ്പ് അനുവദിക്കുന്നു. |
| (ഡി) | പ്രസ്തുത വിഭാഗങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ ഉന്നത പഠനത്തിനായി നൽകി വരുന്ന ധനസഹായ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (ഡി) | വിദേശപഠനത്തിനായി ഓവർസീസ് സ്കോളർഷിപ്പ് അനുവദിച്ച് വരുന്നു. പരമാവധി 25 ലക്ഷം രൂപയാണ് സ്കോളർഷിപ്പായി അനുവദിക്കുന്നത്. |
| (ഇ) | 2016 മുതൽ നാളിതുവരെ പ്രസ്തുത വിഭാഗങ്ങളിൽ നിന്നും എത്ര പേർക്ക് വിദേശ പഠനത്തിന് ധനസഹായം ലഭിച്ചുവെന്നും നിലവിൽ എത്ര വിദ്യാർത്ഥികൾ പഠനം തുടരുന്നുവെന്നുമുള്ള വിശദാംശം വർഷം തിരിച്ച് വെളിപ്പെടുത്തുമോ? | (ഇ) | |

| **അദ്ധ്യയന വർഷം** | **വിദ്യാർത്ഥികളുടെ എണ്ണം** | |
|---|---|---|
| | **SC** | **ST** |
| 2016-17 | 0 | 1 |
| 2017-18 | 9 | 1 |
| 2018-19 | 5 | 1 |
| 2019-20 | 21 | 3 |
| 2020-21 | 17 | 3 |
| 2021-22 | 105 | 10 |

| | | | |
|---|---|---|---|
| | | | 2022-23 \| 223 \| 13<br>**ആകെ** \| **380** \| **32**<br><br>ഇതിൽ 301 വിദ്യാർത്ഥികൾ നിലവിൽ പഠനം തുടരുന്നു. |

| | | |
|---|---|---|
| 2022-23 | 223 | 13 |
| **ആകെ** | **380** | **32** |

ഇതിൽ 301 വിദ്യാർത്ഥികൾ നിലവിൽ പഠനം തുടരുന്നു.

സെക്ഷൻ ഓഫീസർ

## കേരള സർക്കാർ

### സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് -എസ്.എസ്.എൽ.സി, പ്ലസ് 2, ഡിഗ്രി പോസ്റ്റ് ഗ്രാഡ്വേഷൻ തുടങ്ങിയ കോഴ്സുകൾക്ക് ഡിസ്റ്റിംഗ്ഷനോ അതിനു മുകളിലോ മാർക്ക് വാങ്ങുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ച് നൽകാൻ അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ് 15/10/2005

സ.ഉ(എം.എസ്) നം. 951/2005/പജപവവിവ തിരുവനന്തപുരം തിയതി 15.10.05

---

പരാമർശം;- പട്ടികവർഗ്ഗ വികസന ഡയറക്ടറുടെ 1.12.03, 1.1.2005 തിയതികളിലെ സി3/15833/03 നം.കത്തുകൾ

### ഉത്തരവ്

എസ്.എസ്.എൽ.സി, പ്ലസ് 2, ഡിഗ്രി,പോസ്റ്റ് ഗ്രാഡ്വേഷൻ തുടങ്ങിയ കോഴ്സുകൾക്ക് ഡിസ്റ്റിംഗ്ഷനോ അതിന് മുകളിലോ മാർക്ക് വാങ്ങുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ക്ക് പ്രത്യേക പ്രോൽസാഹന ധനസഹായം നൽകുന്നത് വളരെ ഉചിതമാണെന്നും ടി വിദ്യാർത്ഥികൾക്ക് അക്കാഡമിക്, കലാകായിക രംഗങ്ങളിൽ പ്രോൽസാഹന ധനസഹായം നൽകി വരുന്നത് സ്പെഷ്യൽ ഇൻസെന്റീവ് ടു ബ്രില്യൻസ് സ്റ്റുഡൻസ് സ്പെഷ്യൽ ഇൻസെന്റീവ് ടു ബ്രില്യൻസ് സ്റ്റുഡൻസ് എന്നീ പദ്ധതികൾ പ്രകാരമാണെന്നും ടി പദ്ധതികളും ഡിസ്റ്റിംഗ്ഷൻ നേടുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായ പദ്ധതിയും കൂടി ഉൾപ്പെടുത്തി മെരിറ്റ് അവാർഡ് എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകണമെന്നും പട്ടികവർഗ്ഗ വികസന ഡയറക്ടർ പരാമർശത്തിലെ കത്ത് മുഖേന അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് -എസ്.എസ്.എൽ.സി, പ്ലസ് 2, ഡിഗ്രി, പോസ്റ്റ് ഗ്രാഡ്വേഷൻ തുടങ്ങിയ കോഴ്സുകൾക്ക് ഡിസ്റ്റിംഗ്ഷനോ അതിനു മുകളിലോ മാർക്ക് വാങ്ങുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താഴെ പറയും പ്രകാരം ധനസഹായം അനുവദിച്ച് നൽകുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിലേക്കാവശ്യമായ തുക '2225-02-277-92-(നോൺപ്ലാൻ)' , '2225-02-277-85-(പ്ലാൻ)' '2225-02-277-82-(പ്ലാൻ)' എന്നീ ശീർഷകങ്ങളിൽ നിന്നും കണ്ടെത്താവുന്നതാണ്.



Generated from eOffice by NAZEER.S, ASO (A2) SCSTDD, ASO (A2) SCSTDD, SCSTD on 02/04/2022 01:42 PM

601

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

YEARS OF CELEBRATING THE MAHATMA

## സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ഉയർന്ന മാർക്കുവാങ്ങി പാസാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനപദ്ധതി പ്രകാരം നൽകുന്ന സമ്മാനത്തുക വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1292/2022/SCSTD — തീയതി,തിരുവനന്തപുരം, 16-12-2022

പരാമർശം:- 1. സ.ഉ(സാധാ)നം.1460/2013/പജപവവിവ തീയതി 21/10/2013

2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 24/09/2022ലെ SCDD/4880/2022-B2 (EDN B) നമ്പർ കത്ത്.

## ഉത്തരവ്

എസ്.എസ്.എൽ.സി, പ്ലസ്-ടു, വി.എച്ച്.എസ്.സി, റ്റി.റ്റി.സി, പോളിടെക്നിക്, ഡിപ്ലോമ, പോസ്റ്റ്ഗ്രാഡുവേഷൻ തുടങ്ങിയ കോഴ്സുകളിൽ ഡിസ്റ്റിംഗ്ഷനും, ഫസ്റ്റ് ക്ലാസ്സും വാങ്ങുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി പ്രകാരം, നൽകി വരുന്ന തുകകൾ പരാമർ ശം (1) ലെ ഉത്തരവ് പ്രകാരം വർദ്ധിപ്പിക്കുകയുണ്ടായി. ഉയർന്ന മാർക്കുവാങ്ങി പാസാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം കാലോചിതമായി പരിഷ്കരിക്കുന്നതിനായി പരാമർശം (2) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പ്രോത്സാഹന സമ്മാനപദ്ധതി പ്രകാരം ഉയർന്ന മാർക്കുവാങ്ങി പാസാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന തുക ചുവടെ ചേർക്കുന്നവിധം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| കോഴ്സ് | 80% മുതൽ 100% വരെ മാർക്ക്/വിവിധ വിഷയങ്ങളിൽ A+അല്ലെങ്കിൽ A ഗ്രേഡോ ലഭിക്കുന്നവർക്ക് മാത്രം | 60% മുതൽ 79% വരെ മാർക്ക്/വിവിധ വിഷയങ്ങളിൽ B ഗ്രേഡ് വരെ മാത്രം ലഭിക്കുന്നവർക്ക് മാത്രം |
|---|---|---|
| എസ്.എസ്.എൽ.സി | 4000 | 2500 |
| +2, ഡിപ്ലോമ, റ്റി.റ്റി.സി, പോളിടെക്നിക്ക്, വി.എച്ച്.എസ്.സി തുടങ്ങിയവ | 6000 | 3500 |
| ബിരുദതല കോഴ്സുകൾ | 7500 | 5000 |
| പ്രൊഫഷണൽ ബിരുദ കോഴ്സുകൾ | 9000 | 7500 |
| ബിരുദാനന്തര ബിരുദം/ അതിനു മുകളിലുള്ള കോഴ്സുകൾ | 10000 | 7000 |
| പ്രൊഫഷണൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ /അതിനു മുകളിലുള്ള കോഴ്സുകൾ | 12000 | 9000 |

603

3) മുഴുവൻ മാർക്ക് അല്ലെങ്കിൽ 1,2,3 റാങ്ക് നേടുന്നവർക്ക് മേൽ പരാമർശിച്ച പ്രോത്സാഹനസമ്മാനത്തിന് പുറമെ പ്രത്യേക പ്രോത്സാഹനവും നൽകേണ്ടതാണ്. പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ തുക "2225-01-277-57-34 (പ്ലാൻ) " എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രശാന്ത് എൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ Audit), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ